കേരള സർക്കാർ

നം.25918/ഡിബി2/2008/തസ്വഭവ

തദ്ദേശസ്വയംഭരണ(ഡിബി) വകുപ്പ്.
തിരുവനന്തപുരം, തീയതി : 14/7/2008

## സർക്കുലർ

വിഷയം :- തദ്ദേശസ്വയംഭരണ വകുപ്പ് - സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായ അപേക്ഷകൾ അയയ്ക്കുന്നതിന് സമയപരിധി നിശ്ചയിക്കുന്നത് - സംബന്ധിച്ച്.

സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായ അപേക്ഷ നിലവിലുള്ള നിയമപ്രകാരം വിവാഹത്തിന് മുൻപ് തന്നെ സമർപ്പിക്കണം. എന്നാൽ ഏതെങ്കിലും അപേക്ഷകർക്ക് മതിയായ കാരണങ്ങളാൽ സമയപരിധി പാലിക്കാൻ കഴിയാതെ വന്നുവെന്ന് അന്വേഷണത്തിൽ ബോധ്യപ്പെട്ടാൽ അത്തരം അപേക്ഷകളിന്മേൽ ബന്ധപ്പെട്ട നിബന്ധനയിൽ അയവുവരുത്തി തീരുമാനമെടുക്കാൻ ജില്ലാ കളക്ടർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. ഇത് വിവാഹശേഷം മൂന്നുമാസത്തിനുള്ളിൽ സമർപ്പിക്കപ്പെടുന്ന അപേക്ഷകൾക്കും ബാധകമാണെന്നും എന്നാൽ വിവാഹം നടന്ന് മൂന്ന് മാസത്തിന് ശേഷം ലഭിക്കുന്ന അപേക്ഷകൾ യാതൊരുകാരണവശാലും പരിഗണിക്കുവാൻ പാടുള്ളതല്ല എന്ന് 31/3/93-ലെ സ.ഉ (പി) 5/93/സാക്ഷേവ നമ്പർ ഉത്തരവിൽ നിഷ്ക്കർഷിച്ചിട്ടുണ്ട്.ഇപ്രകാരം വിവാഹശേഷം മൂന്നുമാസത്തിനുള്ളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ലഭിക്കുന്ന അപേക്ഷകൾ ജില്ലാകളക്ടർക്ക് അയച്ചുകൊടുക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കാലവിളംബം വരുത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഈ സാഹചര്യത്തിൽ സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായത്തിന് വേണ്ടി വിവാഹ ശേഷം മൂന്നുമാസത്തിനുള്ളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ലഭിക്കുന്ന അപേക്ഷകൾ മുപ്പത് ദിവസത്തിനുള്ളിൽ ജില്ലാകളക്ടർക്ക് അയച്ചുകൊടുക്കേണ്ടതാണെന്ന് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഇതിനാൽ സ്പഷ്ടീകരണം നൽകുന്നു.

**എസ്.എം.വിജയാനന്ദ്**
പ്രിൻസിപ്പൽ സെക്രട്ടറി

അംഗീകാരത്തോടെ,

**സെക്ഷൻ ഓഫീസർ**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
സാമൂഹ്യക്ഷേമവകുപ്പ് ഡയറക്ടർ
എല്ലാ ജില്ലാകളക്ടർമാർക്കും
എല്ലാ മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാർക്കും
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും

ഡയറക്ടർ, കില, മുളങ്കുന്നത്തുകാവ്, തൃശ്ശൂർ
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(സർക്കാരിന്റെയും തസ്വഭ വകുപ്പിന്റെയും വെബ് സൈറ്റിൽ
പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്/ബന്ധപ്പെട്ട തസ്വഭ സ്ഥാപനങ്ങൾക്ക് പകർപ്പുകൾ ലഭ്യമാക്കുന്നതിന്
പബ്ളിക്ക് റിലേഷൻസ് ഡയറക്ടർ : പത്രമാദ്ധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിന്
സാമൂഹ്യക്ഷേമവകുപ്പ്
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി
പകർപ്പ് : തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ